# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 79-ാമത് സ്വാതന്ത്ര്യദിനത്തെ ആഘോഷപൂർവം വരവേൽക്കാനൊരുങ്ങി രാജ്യം ; രാഷ്ട്രപതി ദ്രൗപദി മുർമു നാളെ വൈകിട്ട് 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും.

   **The country is all set to celebrate the 79 th Independence Day; President Droupadi Murmu will address the nation at 7 pm tomorrow.**

2. വ്യാജ വളങ്ങളും രാസവസ്തുക്കളും ഉത്പാദിപ്പിക്കുന്നവർക്കെതിരെ സർക്കാർ ഉടൻ പുതിയ നിയമം കൊണ്ടുവരുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Minister Shivraj Singh Chouhan said that the government will soon bring a new law against those who produce fake fertilizers and chemicals.**

3. കേരളത്തിലെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വൈസ് ചാൻസലർ നിയമനത്തിനായി സുപ്രീംകോടതി സെർച്ച് കമ്മിറ്റി രൂപീകരിക്കും.

   **The Supreme Court will form a search committee for the appointment of permanent vice-chancellors in digital and technical universities in Kerala.**

4. കേരളത്തിലെ തദ്ദേശസ്ഥാപന വാർഡ് പുനർവിഭജന പ്രക്രിയ പൂർത്തിയായി; അന്തിമവിജ്ഞാപനം അംഗീകരി ച്ച് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ.

**The process of delimitation of local body wards in Kerala has been completed; the State Delimitation Commission has approved the final notification.**

5. കേരളത്തിൽ അടുത്ത അഞ്ച് ദിവസം മഴയ്ക്ക് സാധ്യത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Rain is likely in Kerala for the next five days; Fishing is banned on the coasts of Kerala-Karnataka-Lakshadweep.**

&&&&&&&&&&&&&&&&&&&&&&&&&&

## INDEPENDENCE DAY CELEBRATIONS (INTRO)

79-ാമത് സ്വാതന്ത്ര്യദിനത്തെ ആഘോഷപൂർവം വരവേൽക്കാനൊരുങ്ങി രാജ്യം . രാഷ്ട്രപതി ദ്രൗപദി മുർമു നാളെ വൈകുന്നേരം 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തിൽ ഡൽഹിയിലെ ചെങ്കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. വിശദാംശങ്ങളിലേക്ക്............

(വോയിസ്)

## INDEPENDENCE DAY CELEBRATIONS (VOICE)

ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷത്തിൽ 28 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 210 പഞ്ചായത്തു പ്രതിനിധികൾ പ്രത്യേക അതിഥികളായി പങ്കെടുക്കും. സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് മുന്നോടിയായി, രാജ്യമെമ്പാടുമുള്ള ജനങ്ങൾ ഹർ ഘർ തിരംഗ കാമ്പെയ്നിൽ

സജീവമാണ്. സ്വാതന്ത്ര്യദിനത്തിൽ പൂർണ സുരക്ഷ ഉറപ്പാക്കാൻ വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സുരക്ഷയ്ക്കും ക്രമസമാധാന പാലനത്തിനുമായി അർദ്ധസൈനിക വിഭാഗങ്ങളും കമാൻഡോകളും ഉൾപ്പെടെ ആയിരക്കണക്കിന് സുരക്ഷാ ഉദ്യോഗസ്ഥരെ ഡൽഹി പോലീസ് വിന്യസിച്ചിട്ടുണ്ട്. സ്വാതന്ത്ര്യദിന ചടങ്ങിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാൻ സൗകര്യമൊരുക്കുന്നതിനായി ഡൽഹി മെട്രോ പുലർച്ചെ 4 മണിക്ക് സർവീസുകൾ ആരംഭിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.......

&&&&&&&&&&&&&&&&&&&&&&&&&&

## ID – STATES

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മറ്റന്നാൾ രാവിലെ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി സമ്മാനിക്കും. ജില്ലകളിൽ നടക്കുന്ന ആഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും.

&&&&&&&&&&&&&&&&&&&&&&&&&&

## SHAH – HAR GHAR TIRANGA

ഹർ ഘർ തിരംഗ ക്യാമ്പയിന് രാജ്യത്ത് ആവേശകരമായ വരവേൽപ്. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിലെ തന്റെ വസതിയിൽ ഹർ ഘർ തിരംഗയുടെ ഭാഗമായി ദേശീയ പതാക ഉയർത്തി. രാജ്യത്തെ ഐക്യത്തോടെ കോർത്തിണക്കുന്ന ജനകീയ പ്രസ്ഥാനമായി ക്യാമ്പയിൻ

മാറിയതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ആവേശത്തോടെയും ദേശസ്നേഹത്തോടെയും കാമ്പെയ്നിൽ പങ്കെടുക്കാൻ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. ഉത്തർപ്രദേശിൽ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ഹർ ഘർ തിരംഗ കാമ്പെയ്ൻ മുഖ്യമന്ത്രി യോഗി ആദിത്യ നാഥ് ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&&&

## FARMERS-GOVT MEET

വ്യാജ വളങ്ങളും രാസവസ്തുക്കളും ഉത്പാദിപ്പിക്കുന്നവർക്കെതിരെ ഒരു പുതിയ നിയമം സർക്കാർ ഉടൻ കൊണ്ടുവരുമെന്ന് കേന്ദ്ര കൃഷി, കർഷകക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. രാജ്യത്തുടനീളമുള്ള കർഷക സംഘടനാ നേതാക്കളുമായും കർഷകരുമായും ന്യൂഡൽഹിയിൽ സംവദിക്കുന്നതിനിടെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. വിദേശ സമ്മർദങ്ങൾക്കിടയിലും വ്യാപാര കരാറുകളിൽ സ്വീകരിച്ച ധീരമായ തീരുമാനത്തിന് രാജ്യമെമ്പാടുമുള്ള കർഷകർ പ്രധാനമന്ത്രിക്കും സർക്കാരിനുമുള്ള നന്ദിയും പിന്തുണയും അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&

## VICE CHANCELLOR

കേരളത്തിലെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലയിൽ സ്ഥിരം വൈസ് ചാൻസലർ നിയമനത്തിനുള്ള സുപ്രീംകോടതി സെർച്ച് കമ്മറ്റി രൂപീകരിക്കും. കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട 4 അംഗങ്ങളുടെ പേരുകൾ ഗവർണറും, സർക്കാരും നൽകണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചു. UGC പ്രതിനിധിയെ UGC മുന്നോട്ടുവെക്കും. കേസ് സുപ്രീംകോടതി നാളെ വീണ്ടും പരിഗണിക്കും.

സംസ്ഥാനത്തെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വൈസ് ചാൻസലർ നിയമനത്തിനായി സുപ്രീംകോടതി സെർച്ച് കമ്മിറ്റി രൂപീകരിക്കും. അഞ്ചംഗ സെർച്ച് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട നാല് അംഗങ്ങളുടെ പേരുകൾ കൈമാറാൻ കേരള സർക്കാരിനോടും ചാൻസലറായ ഗവർണറോടും സുപ്രീംകോടതി നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&

## INDIA–SINGAPORE

ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള മൂന്നാംഘട്ട മന്ത്രിതല യോഗം ന്യൂഡൽഹിയിൽ ചേ ർന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന് ഒരു പുതിയ അജണ്ട രൂപീകരിക്കാൻ കൂടിക്കാഴ്ച അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കേന്ദ്ര മന്ത്രിമാരായ എസ്. ജയ്ശങ്കർ, നിർമല സീതാരാമൻ, അശ്വിനി വൈഷ്ണവ്, പിയൂഷ് ഗോയൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിന് സർക്കാരുകളും വ്യവസായങ്ങളും തമ്മിലുള്ള സമന്വയം പ്രധാനമാണെന്ന് യോഗത്തിന് ശേഷം വിദേശകാര്യമന്ത്രി എസ്.ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. സിംഗപ്പൂർ ഉപപ്രധാനമന്ത്രി ഗാൻ കിം യോങ്, വിദേശകാര്യ മന്ത്രി ജോസഫിൻ ടിയോ എന്നിവരുൾപ്പെടെയുള്ള നേതാക്കളാണ് സിംഗപ്പൂരിനെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തത്.

&&&&&&&&&&&&&&&&&&&&&&&&&&

## PENSIONS–DIGITAL CAMPAIGN

രാജ്യവ്യാപകമായി നാലാമത്തെ ദേശീയ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പയിൻ അടുത്ത നവംബർ 1 മുതൽ 30 വരെ സംഘടിപ്പിക്കും. മുഖം അടിസ്ഥാനമാക്കിയുള്ള തിരിച്ചറിയൽ സാങ്കേ തികവിദ്യ ഉപയോഗിച്ച് പെൻഷൻകാരുടെ ഡിജിറ്റൽ ശാക്തീകരണം

പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏറ്റവും വലിയ കാമ്പയിൻ ആണിത്. രാജ്യത്തുടനീളമുള്ള 1,850-ലധികം ജില്ലകൾ, നഗരങ്ങൾ, പട്ടണങ്ങൾ എന്നിവിടങ്ങളിൽ ഈ കാമ്പയിൻ സംഘടിപ്പിക്കുമെന്ന് പെൻഷൻ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&

## NASHA MUKT BHARAT ABHIYAAN (iNTRO)

ലഹരിവസ്തുക്കൾ സാമൂഹിക വിപത്തിലേക്ക് വഴിവയ്ക്കുമെന്നും രാജ്യത്ത് നിന്ന് അത് തുടച്ചുനീക്കണമെന്നും കേന്ദ്ര മന്ത്രി വീരേന്ദ്ര കുമാർ. ലഹരിയുടെ ഉപയോഗം രാജ്യത്തിന്റെ സാമൂഹിക ഘടനയെ പ്രതികൂലമായി ബാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന നഷാ മുക്ത് ഭാരത് അഭിയാന്റെ അഞ്ചാം വാർഷിക പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. മയക്കുമരുന്നിനോടുള്ള ആസക്തി വ്യക്തിയുടെ ആരോഗ്യത്തെ മാത്രമല്ല, കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുമെന്ന് ശ്രീ വീരേന്ദ്ര കുമാർ ചൂണ്ടിക്കാട്ടി. ലഹരി ഉപയോഗത്തിൽ നിന്ന് വിട്ടുനിൽക്കാൻ മറ്റുള്ളവരെ പിന്തിരിപ്പിക്കാനും യുവജനതയോട് അദ്ദേഹം അഭ്യർത്ഥിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&

## DELIMITATION COMMISION

14 ജില്ലാപഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനത്തിന്റെ അന്തിമവിജ്ഞാപനം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ അംഗീകരിച്ചു. ഇതോടെ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് പുനർ നിർണയപ്രക്രിയ പൂർത്തിയായി. മൂന്ന് ഘട്ടങ്ങളിലായാണ് വാർഡ് പുനർവിഭജനപ്രക്രിയ നടന്നത്. ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലും, രണ്ടാം ഘട്ടത്തിൽ ബ്ളോക്ക് പഞ്ചായത്തുകളിലും, മൂന്നാം ഘട്ടത്തിൽ ജില്ലാ

പഞ്ചായത്തുകളിലുമാണ് പുനർവിഭജനം നടത്തിയത്. ഇതനുസരിച്ച് സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ ആകെ വാർഡുകളുടെ എണ്ണം 21,900 ൽ നിന്നും 23,612 ആയി.

&&&&&&&&&&&&&&&&&&&&&&&&&&

## RAIN – KERALA

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട സാഹചര്യത്തിൽ കേരളത്തിൽ അടുത്ത 5 ദിവസം മഴയ്ക്ക് സാധ്യത. ആലപ്പുഴ ജില്ലയിൽ ഇന്നും, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും നാളെയും, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നാളെയും മറ്റന്നാളും കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 15 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&

## MEMU

നിലമ്പൂർ-ഷൊർണൂർ റെയിൽവേ സ്റ്റേഷനുകളെ ബന്ധിപ്പിച്ച് മെമു സർവീസ് ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൻറെ ഇടപെടൽ വഴി കൈക്കൊണ്ട തീരുമാനം കേന്ദ്രമന്ത്രി അദ്ദേഹത്തെ കത്തിലൂടെ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&

## CABINET MEETING

സർക്കാർ അഭിഭാഷകരുടെ വേതനം വർദ്ധിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. വേതന വർദ്ധനയ്ക്ക് 2022 ജനുവരി ഒന്നു മുതൽ പ്രാബല്യം ഉണ്ടാകും. നിപ ബാധയേറ്റ് ഒന്നര

വർഷത്തോളമായി അബോധാവസ്ഥയിൽ കഴിയുന്ന ആരോഗ്യപ്രവർത്തകൻ ടിറ്റോ തോമസിന്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17 ലക്ഷം രൂപ ധനസഹായം നൽകാനും മന്ത്രിസഭ തീരുമാനിച്ചു. വി ആർ കൃഷ്ണയ്യർ സ്മാരക സ്റ്റേഡിയം തലശ്ശേരി നഗരസഭയ്ക്ക് 10 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കാനും തീരുമാനമായി.

&&&&&&&&&&&&&&&&&&&&&&&&&&

## BJP-CONGRESS

തിരഞ്ഞെടുപ്പിൽ തോൽക്കുമ്പോഴെല്ലാം രാഹുൽ ഗാന്ധി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളെ കുറ്റപ്പെടുത്തുന്നുവെന്ന് ബിജെപി എം.പി അനുരാഗ് താക്കൂർ. ലോക്സഭയിലെ പ്രതിപക്ഷ നേതാവും കോൺഗ്രസ് എംപിയുമായ രാഹുൽ ഗാന്ധിയുടെ ഇലക്ഷൻ കമ്മീഷന് എതിരായ വോട്ട് മോഷണ ആരോപണത്തിനെതിരെ, ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഓരോ തോൽവിക്ക് ശേഷവും ആത്മപരിശോധനക്കു പകരം, കോൺഗ്രസ് ഇ.വി.എമ്മുകളെയും തിരഞ്ഞെടുപ്പ് കമ്മീഷനെയും ഭരണഘടനാ സ്ഥാപനങ്ങളെയും കുറ്റപ്പെടുത്തുകയാണെന്ന് താക്കൂർ ആരോപിച്ചു. അതിനിടെ രാഹുൽ ഗാന്ധി നയിക്കുന്ന പോരാട്ടങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് യൂത്ത് കോൺഗ്രസ് കൽപ്പറ്റ നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നൈറ്റ് മാർച്ച് സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&

## PREZ - AMRIT UDYAN

രാഷ്ട്രപതി ഭവനിലെ പൂന്തോട്ടമായ അമൃത് ഉദ്യാനത്തിൻറെ വേനൽക്കാല വാർഷിക പ്രദർശനം രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ഉദ്ഘാടനം ചെയ്യും. ഈ മാസം 16 മുതൽ സെപ്റ്റംബർ 14 വരെ

ഉദ്യാനത്തിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശിക്കാം. രാവിലെ 10 മുതൽ വൈകുന്നേരം 6 വരെയാണ് പ്രവേശനം അനുവദിക്കുക. ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ഈ മാസം 29 ന് കായികതാരങ്ങൾക്കും സെപ്റ്റംബർ 5, അധ്യാപക ദിനത്തോടനുബന്ധിച്ച് അധ്യാപകർക്കും ഉദ്യാനത്തിൽ പ്രവേശനം ലഭിക്കും. പ്രവേശനം സൗജന്യമായിരിക്കും. തിങ്കളാഴ്ച ദിവസങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

&&&&&&&&&&&&&&&&&&&&&&&&&&

## RAJASTHAN ACCIDENT

രാജസ്ഥാനിലെ ദൗസ ജില്ലയിൽ പിക്ക് അപ്പ് ട്രക്കും കണ്ടെയ്നർ ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ പത്ത് പേർ മരിച്ചു. 11 പേർക്ക് പരിക്കേറ്റു. ഇന്ന് പുലർച്ചെ 3.30 ന് ബാപി ഗ്രാമത്തിന് സമീപമാണ് അപകടമുണ്ടായത്. അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&